യു.പി. വിഭാഗം അദ്ധ്യാപക നിയമനത്തിന് ബി.എഡ്. അടിസ്ഥാനയോഗ്യത

113 (2053) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ യു.പി. വിഭാഗം അദ്ധ്യാപക നിയമനത്തിന് അടിസ്ഥാന യോഗ്യതയായി ബി.എഡ്. കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ബി.എഡ്. കൂടി അടിസ്ഥാന യോഗ്യതയാക്കിയിട്ടുണ്ടെങ്കിൽ ഈ യോഗ്യതയുള്ളവരെകൂടി ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി. ക്ക് നിർദ്ദേശം നൽകുമാ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

ബി.എഡ്. ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷ എഴുതുവാൻ അനുവാദം

114 (2054) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) ബി.എഡ്. ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് അത് നേടുവാൻ വേണ്ടത്ര അവസരമോ സമയമോ നൽകാതെയാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബി.എഡ്. ബിരുദമില്ലാതെ പി.എസ്.സി. ക്ക് അപേക്ഷിച്ചിട്ടുള്ള എം. കോം., സെറ്റ് എന്നിവ പാസായ ഉദ്യോഗാർത്ഥികളെ പി.എസ്.സി. ഇപ്പോൾ നടത്താൻ പോകുന്ന പരീക്ഷ എഴുതുവാൻ അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലസ് ടൂ സ്കൂളുകളിൽ നിലവിൽ 6000 ത്തിലേറെ അദ്ധ്യാപകരുടെ ഒഴിവുണ്ട്. ഇതിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് അവസരം നൽകാനായി കാത്തിരിക്കാൻ സാധിക്കില്ല. പി.എസ്.സി. ഇനിയും നടത്തുന്ന പരീക്ഷകളിൽ ഇവർക്ക് അവസരം ലഭിക്കുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസിൽ നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ പി.എസ്.സി. പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly